**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **23-02-2026 - ൽ മറുപടിയ്ക്ക്**

**പി.എം. കുസും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആവശ്യങ്ങൾക്കായുള്ള ജലസേചന പമ്പുകൾ സൗരോർജത്തിലേക്കു മാറ്റാനുള്ള കേന്ദ്ര പദ്ധതിയായ പി.എം.കുസും പദ്ധതിക്ക് നടത്തിപ്പ് ഏജൻസിയായ അനെർട്ട് ടെണ്ടർ ക്ഷണിച്ചിരുന്നോ; | (എ) | ക്ഷണിച്ചിരുന്നു. പി. എം. കുസും പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം എംപാനൽമെന്റ് നടത്തുന്നതിനായി അനെർട്ട് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ആദ്യ എംപാനൽമെൻറ് ടെൻഡർ 19/08/2022 - ൽ 2022_ANERT_504042_1 എന്ന ടെൻഡർ ഐഡിയിൽ ഇ-ടെൻഡർ സൈറ്റിൽ പ്രസിദ്ധീകരിച്ചു. L1 റേറ്റ് കണ്ടെത്താൻ സാധിക്കാത്തതിനാലും ഏജൻസികളുടെ പങ്കാളിത്തം കുറവായതിനാലും ഈ ടെൻഡർ റദ്ദാക്കി റീ ടെൻഡർ വിളിക്കാൻ തീരുമാനിക്കുകയും, 02/12/2022 - ൽ 2022_ANERT_504042_2 എന്ന ടെൻഡർ ഐഡി പ്രകാരം പുതിയ എംപാനൽമെൻറ് ടെൻഡർ പ്രസിദ്ധീകരി ക്കുകയും ചെയ്തതായി അനെർട്ട് അറിയിച്ചിട്ടുണ്ട്. |
| (ബി) | അനർട്ട് സി.ഇ.ഒ.യ്ക്ക് എത്ര തുകയ്ക്കുള്ള ടെണ്ടർ ക്ഷണിക്കുന്നതിനാണ് അനുമതി ഉള്ളത്; | (ബി) | ഒറ്റപ്രവൃത്തിയ്ക്കായി സോളാർ പ്ലാന്റ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്മേൽ ടെണ്ടർ നടത്തുവാനുള്ള പരിധി അനെർട്ട് സി.ഇ.ഒ.യ്ക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ളത് 25 കോടി രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) | പി.എം.കുസും പദ്ധതിക്ക് 240 കോടി രൂപയുടെ ടെണ്ടർ ക്ഷണിക്കാൻ അധികാരമുണ്ടോ; | (സി) | പി. എം. കുസും പദ്ധതിയിൽ 9,348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്തുന്നതിനായി ഏജൻസികളെ കണ്ടെത്തുവാനും വിവിധ ശേഷിയുള്ള പ്ലാന്റുകളുടെ തുക കണ്ടെത്തുവാനും വേണ്ടി ഒരു റേറ്റ് കോൺട്രാക്റ്റ് മാത്രമാണ് വിളിച്ചത്. ഇതിൽ വ്യക്തിഗത സൈറ്റുകൾ, കർഷകർ, കാർഷിക ഓഫീസുകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ഉൾപ്പെട്ടിരുന്നില്ല. അതിനാൽ തന്നെ ഇത് ഒരു ഒറ്റ ജോലിയായി കണക്കാക്കുവാൻ സാധിക്കില്ല. |

| | | | |
|---|---|---|---|
| | | | മുൻകാലങ്ങളിൽ 10,000 വീടുകളിൽ പുരപ്പുറ സോളാർ പ്ലാൻറുകൾ സ്ഥാപിക്കാൻ എംപാനൽമെന്റിനുവേണ്ടി ടെണ്ടർ വിളിച്ച മാതൃകയിലാണ് പി. എം. കുസും പദ്ധതിയിലും എംപാനൽമെന്റ് നടപടിക്രമങ്ങൾ നടത്തിയത്.<br><br>ഇതിൽ 2 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് ചെലവാകുന്ന കുറഞ്ഞ തുകയും, 30 kW മുതൽ 150 kW വരെയുള്ള പ്ലാന്റിന് kW നിരക്കിൽ (per kW rate) തുകയും കണ്ടെത്തുക എന്ന ലക്ഷ്യം വച്ചുള്ളതായിരുന്നു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം പി. എം. കുസും പദ്ധതി നടപ്പിലാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന എംപാനൽമെന്റ്/ റേറ്റ് നിർണ്ണയ പ്രക്രിയയാണ് അനെർട്ട് നടത്തിയതെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ടെണ്ടർ പോർട്ടലിൽ ലഭിച്ച തുകയിൽ മാറ്റം വരുത്തിയിരുന്നോ; | (ഡി) | ടെൻഡർ തുറന്നശേഷം പോർട്ടലിൽ ലഭ്യമായിരുന്ന തുകകളിൽ മാറ്റം വരുത്തിയിട്ടില്ല . ടെൻഡർ തുറന്ന ശേഷം അനെർട്ട് തയ്യാറാക്കിയ പ്രൈസ് സമ്മറിയിൽ ഉണ്ടായ Clerical Error കണ്ടെത്തിയ മുറയ്ക്ക് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രൈസ് സമ്മറി 05-01-2023-ൽ പരിഷ്കരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് . ഇത് ഈ പദ്ധതിയുടെ ഇ-ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.<br><br>ടെൻഡർ പോർട്ടലിൽ എക്സൽ മാതൃകയിലും, PDF മാതൃകയിലും price bid നൽകുവാൻ ഏജൻസികൾക്കു സൗകര്യം ഉണ്ടായിരുന്നു. എക്സൽ മാതൃകയിലുള്ള പ്രൈസ് bid മാത്രം കണക്കാക്കിയാണ് ആദ്യം price സമ്മറി തയാറാക്കിയത്. എന്നാൽ കൊണ്ടാസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസി അവർ എക്സൽ ഇൽ നൽകിയ തുക റൂഫ്ടോപ്പ് പ്ലാന്റിനും ഗ്രൗണ്ട് മൗണ്ട് പ്ലാന്റിനും പരസ്പരം മാറി പോയി എന്നും, എന്നാൽ ഇക്കാര്യം PDF ആയി സമർപ്പിച്ച പ്രൈസ് ബിഡിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. ഇതിൻപ്രകാരം ഏജൻസി PDF ആയി സമർപ്പിച്ച price bid പോർട്ടലിൽ നിന്നും എടുത്ത് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ price സമ്മറി പരിഷ്കരിക്കുകയായിരുന്നു.<br><br>കൊണ്ടാസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് ടെൻഡർ സമർപ്പിക്കുന്ന സമയത്ത് ലെറ്റർ ഹെഡിൽ വ്യക്തമായ ഹെഡിംഗ് നൽകി റൂഫ്ടോപ്പ് പ്ലാന്റിന്റെയും ഗ്രൗണ്ട് മൗണ്ട് പ്ലാന്റിന്റെയും തുകകൾ നല്കിയിട്ടുണ്ടായിരുന്നു. ഇതു e-tender kerala സൈറ്റിൽ നിലവിൽ ലഭ്യമാണ്. (കമ്പനിയുടെ e- |

| | | | |
|---|---|---|---|
| | | | tender സൈറ്റിലെ finance bid ലും excel ഷീറ്റിലും [(1 എണ്ണം) PDF(2എണ്ണം)]. മേൽ പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ടെന്ന് അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | പി.എം. കുസും പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെ കുറിച്ച് അന്വേഷിച്ച് മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (ഇ) | 25.10.2025 തീയതിയിലെ സ. ഉ. (സാധാ) 221/2025/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ